പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 5084 — 02.07.2013-ൽ മറുപടിയ്ക്ക്

## എല്ലാ വീടുകളിലും വൈദ്യുതി.

ചോദ്യം

ശ്രീ. വി. ശിവൻകുട്ടി :

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്തു നടപ്പിലാക്കിയ എല്ലാ വീടുകളിലും വൈദ്യുതി പദ്ധതി ഇപ്പോഴും തുടരുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ പദ്ധതിയിലൂടെ ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര ഉപഭോക്താക്കൾക്ക് വൈദ്യുതി കണക്ഷൻ ഇതുവരെ നൽകി ; വിശദമാക്കുമോ ;

(സി) ഇല്ലെങ്കിൽ ആയതിന്റെ കാരണമെന്താണെന്നു വ്യക്തമാക്കുമോ ?

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

(എ) (ബി) & (സി) എല്ലാ ഗ്രാമീണ ഭവനങ്ങളുടെയും വൈദ്യുതീകരണം ലക്ഷ്യമാക്കി കേന്ദ്ര സർക്കാർ ആരംഭിച്ച ആർ.ജി.ജി.വി.വൈ പദ്ധതി കേരളത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഈ പദ്ധതിയുടെ ഒന്നാംഘട്ടം ഇടുക്കി ജില്ലയിൽ പൂർത്തീകരിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി വടക്കൻ കേരളത്തിലെ മലപ്പുറം ഒഴികെയുള്ള അഞ്ച് ജില്ലകളിൽ ടേൺ കീ അടിസ്ഥാനത്തിൽ വൈദ്യുതീകരണ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. മലപ്പുറം, തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, എറണാകുളം, ആലപ്പുഴ, തൃശ്ശൂർ എന്നീ ജില്ലകളിൽ ഈ പദ്ധതി ബോർഡ് തന്നെ നേരിട്ട് നടപ്പിലാക്കി വരികയാണ്. പ്രസ്തുത പദ്ധതിപ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 51396 കണക്ഷനുകൾ ഇതുവരെ നൽകിയിട്ടുണ്ട്. കൂടാതെ വൈദ്യുതി കണക്ഷന് വേണ്ടി അപേക്ഷിച്ച 22796 ഗാർഹിക ഉപഭോക്താക്കൾക്ക് വൈദ്യുതി ബോർഡിന്റെ തനത് ഫണ്ടുപയോഗിച്ചും കണക്ഷൻ നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.